2024
MAY
22
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സിംഗപ്പൂർ എയർലൈൻസ് വിമാനം ആകാശച്ചുഴിയിൽപ്പെട്ടു; ഒരു മരണം, 30 പേർക്ക് പരുക്ക്



**ലണ്ടൻ:** സിംഗപ്പൂർ എയർലൈൻസ് വിമാനം ആകാശച്ചുഴിയിൽപ്പെട്ട് ഒരാൾ മരിച്ചു. 30 പേർക്ക് പരുക്കേറ്റു. ചുഴിയിൽ പെട്ടതിനെ തുടർന്ന് വിമാനം ബാങ്കോക്ക് സുവർണഭൂമി വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കി.

ലണ്ടനിൽ നിന്ന് (ഹീത്രൂ) സിംഗപ്പൂരിലേക്ക് സർവീസ് നടത്തുന്ന സിംഗപ്പൂർ എയർലൈൻസ് വിമാനം 2024 മെയ് 20ന് യാത്രാമധ്യേ ആകാശച്ചുഴിയിൽപ്പെട്ടു. ഇതേത്തുടർന്ന് വിമാനം ബാങ്കോക്കിലേക്ക് വഴിതിരിച്ചുവിട്ടു. 2024 മെയ് 21ന് പ്രാദേശിക സമയം 3.45ഓടെ വിമാനം അവിടെ ലാൻഡ് ചെയ്തു. 'അപകടത്തിൽപ്പെട്ട ബോയിംഗ് 777300ഇആർ വിമാനത്തിലെ ഒരു യാത്രക്കാരൻ മരിക്കുകയും ഒട്ടേറെപ്പേർക്ക് പരുക്കേൽക്കുകയും ചെയ്തു. മരിച്ചയാളുടെ കുടുംബത്തെ സിംഗപ്പൂർ എയർലൈൻസിന്റെ അഗാധമായ അനുശോചനം അറിയിക്കുന്നു." സിംഗപ്പൂർ എയർലൈൻസ് എക്സിൽ കുറിച്ചു.

ലണ്ടനിൽ നിന്ന് സിംഗപ്പൂരിലേക്കുള്ള എസ്ക്യു21 വിമാനമാണ് ആകാശച്ചുഴിയിൽപ്പെട്ടത്. ബോയിങ് 777, 300 ഇആർ വിമാനത്തിൽ 211 യാത്രക്കാരും 18 ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. വിമാനത്താവളത്തിൽ ആംബുലൻസുകൾ ഉൾപ്പെടെയുള്ള സജ്ജീകരിച്ചിരുന്നു. തായ്‌ലൻഡ് അധികൃതരുമായി ബന്ധപ്പെട്ട് എല്ലാ യാത്രക്കാർക്കും ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കുമെന്ന് എയർലൈൻസ് അധികൃതർ അറിയിച്ചു. കൂടുതൽ സഹായത്തിനായി പ്രത്യേക സംഘത്തെ ബാങ്കോക്കിലേക്ക് അയയ്ക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപകടത്തിൽ മരിച്ച യാത്രക്കാരന്റെ കുടുംബത്തിനും പരുക്കേറ്റ യാത്രക്കാർക്കും എല്ലാവിധ സഹായവും എത്തിക്കുമെന്ന് സിംഗപ്പൂർ ട്രാൻസ്പോർട്ട് മന്ത്രി ചീ ഹോങ് ടാറ്റ് വ്യക്തമാക്കി.

## ആർട്ടിക്കിൾ 370 റദ്ദാക്കിയത് ശരിവച്ച് സുപ്രീംകോടതി

**ന്യൂഡൽഹി:** ജമ്മു കശ്മീരിന് സവിശേഷാധികാരം നൽകുന്ന ആർട്ടിക്കിൾ 370 റദ്ദാക്കിയ കേന്ദ്ര സർക്കാരിന്റെ 2019ലെ നടപടി ശരിവച്ചതിനെതിരായ ഹർജി സുപ്രീംകോടതി തള്ളി. സുപ്രീംകോടതി വിധിയിൽ പിഴവില്ലെന്നും പുനഃപരിശോധിക്കേണ്ടതില്ലെന്നും കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് അധ്യക്ഷനായ അഞ്ചംഗ ജഡ്ജിമാരുടെ ചേംബറിലാണ് ഹർജി പരിഗണിച്ചത്.




ജമ്മു കശ്മീരിന് ഭരണഘടനാപരമായി ഉണ്ടായിരുന്ന പ്രത്യേക പദവി എടുത്തുകളഞ്ഞ കേന്ദ്ര സർക്കാർ നടപടി സുപ്രീംകോടതി നേരത്തെ ശരിവച്ചിരുന്നു. കേന്ദ്ര ഭരണപ്രദേശമായ ജമ്മു കശ്മീരിന് എത്രയും വേഗം സംസ്ഥാന പദവി തിരികെ നൽകണമെന്നും നിയമസഭയിലേക്ക് തിരഞ്ഞെടുപ്പു നടത്തണമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ 5 അംഗ ഭരണഘടനാ ബെഞ്ച് നിർദേശിക്കുകയും ചെയ്തിരുന്നു.

ഭരണഘടനയുടെ 370 ാം വകുപ്പു പ്രകാരമുള്ള പ്രത്യേക പദവി രാഷ്ട്രപതിയുടെ ഉത്തരവിലൂടെ 2019 ഓഗസ്റ്റ് 5നാണ് ഇല്ലാതാക്കിയത്. ഇത് അംഗീകരിച്ച പാർലമെന്റ്, സംസ്ഥാനത്തെ ജമ്മു കശ്മീർ, ലഡാക്ക് എന്നിങ്ങനെ 2 കേന്ദ്ര ഭരണപ്രദേശങ്ങളാക്കാനുള്ള ബില്ലും പാസാക്കി.

മറ്റു സംസ്ഥാനങ്ങൾക്കില്ലാത്ത ആഭ്യന്തര പരമാധികാരം ജമ്മു കശ്മീരിന് ഇല്ലെന്നും 370 ാം വകുപ്പു താൽക്കാലിക സ്വഭാവമുള്ളതാണെന്നും അന്ന് കോടതി വിശദീകരിച്ചിരുന്നു. ജമ്മു കശ്മീരിന് സംസ്ഥാന പദവി തിരികെ നൽകാനും ലഡാക്കിനെ നിയമസഭയില്ലാത്ത കേന്ദ്ര ഭരണപ്രദേശമാക്കിയ നടപടിയും കോടതി ശരിവച്ചിരുന്നു. ഭരണഘടനയിലെ മൂന്നാം വകുപ്പനുസരിച്ച് ഏതെങ്കിലും സംസ്ഥാനത്തിന്റെ പദവി പൂർണമായി ഇല്ലാതാക്കാൻ പാർലമെന്റിനു സാധിക്കുമോയെന്ന ചോദ്യം തീർപ്പാക്കാൻ കോടതി തയാറായിരുന്നില്ല.

## ടെസ്‌ല ഇന്ത്യയിലെത്താൻ വൈകും

**കൊച്ചി:** ഇന്ത്യൻ വാഹന ലോകം പ്രതീക്ഷയോടെ കാത്തിരുന്ന പ്രമുഖ അമെരിക്കൻ വാഹന കമ്പനിയായ ടെസ്‌ലയുടെ വിപണി പ്രവേശം അനിശ്ചിതമായി വൈകിയേക്കും. ഇന്ത്യയിൽ പ്രവർത്തനം തുടങ്ങാനുള്ള പദ്ധതികളിൽ മെല്ലെപ്പോകാനാണ് ഉടമയായ ഇലോൺ മസ്കിൻറെ നിർദേശം.

ഇറക്കുമതി തീരുവകളിൽ നിബന്ധനകളോടെയുള്ള ഇളവുകൾ അനുവദിച്ച് കേന്ദ്ര സർക്കാർ പുതിയ നയം പ്രഖ്യാപിച്ചെങ്കിലും ഇക്കാര്യത്തിൽ ഇലോൺ മസ്കിന് പൂർണ വിശ്വാസമായിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ. അതേസമയം ചൈനയിൽ ഡ്രൈവറില്ലാ കാറുകൾ പുറത്തിറക്കാനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. പുതിയ സർക്കാർ അധികാരമേറ്റതിന് ശേഷം സ്റ്റാർലിങ്ക്, വൈദ്യുത വാഹന നിർമാണം എന്നീ പദ്ധതികളിൽ തീരുമാനമെടുക്കാനാണ് ടെസ്‌ല ആലോചിക്കുന്നത്.

വൈദ്യുത വാഹനങ്ങളുടെ ഇറക്കുമതിക്ക് ഇന്ത്യ ചുമത്തുന്ന ഉയർന്ന നികുതിയാണ് ഇന്ത്യയിലേക്കുള്ള ടെസ്‌ലയുടെ പ്രവേശനത്തി



ലുള്ള ഏറ്റവും വലിയ വെല്ലുവിളി. നിലവിൽ ക്രൂഡ് ഓയിൽ അടിസ്ഥാനമായി ഓടുന്ന വാഹനങ്ങൾക്ക് തത്തുല്യമായ 60 ശതമാനം നികുതിയാണ് വൈദ്യുതി വാഹനങ്ങൾക്കും ഇന്ത്യ ഈടാക്കുന്നത്. ഇലക്ട്രിക് വാഹനങ്ങളുടെ ഇറക്കുമതി നികുതി 40 ശതമാനമായി കുറയ്ക്കണമെന്നാണ് ടെസ്‌ലയുടെ ആവശ്യം. ഇന്ത്യയിൽ ഉത്പാദന കേന്ദ്രം ആരംഭിക്കുന്നതിന് മുൻപ് ഇറക്കുമതി ചെയ്യുന്ന വാഹനങ്ങൾ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ച് സാധ്യതകൾ പരിശോധിക്കാനാണ് ടെസ്‌ലയുടെ ശ്രമം. ഇന്ത്യയിലെ വൈദ്യുത വാഹനങ്ങളുടെ വിൽപ്പന കുത്തനെ കൂടുന്നതാണ് ടെസ്‌ലയ്ക്കും ആവേശം സൃഷ്ടിക്കുന്നത്.

ഇന്ത്യയിൽ ടെസ്‌ലയുടെ വാഹനങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് കമ്പനിയുടെ പ്രതികരണം ഇനിയും ലഭിച്ചിട്ടില്ലെന്ന് കേന്ദ്ര സർക്കാരിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പറയുന്നു. പൊതു തെരഞ്ഞെടുപ്പിൻറെ ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ചർച്ച നടത്താൻ ടെസ്‌ലയുടെ ഉടമ ഇലോൺ മസ്ക് ഇന്ത്യയിലെത്തുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അവസാന നിമിഷം സന്ദർശനം റദ്ദ് ചെയ്യുകയായിരുന്നു. എന്നാൽ ഒരാഴ്ചയ്ക്ക് ശേഷം ഡ്രൈവർലെസ് കാറുകളുടെ വിപണനവുമായി ബന്ധപ്പെട്ട് മസ്ക് ചൈനയിലെത്തുകയും ചെയ്തു.

ലോകത്തിലെ മുൻനിര വൈദ്യുത വാഹന കമ്പനികളെ ഇന്ത്യയിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ പുതിയ നയം പ്രഖ്യാപിച്ച് മാസങ്ങൾ കഴിഞ്ഞെങ്കിലും കാര്യമായ നിക്ഷേപ വാഗ്ദാനങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരിലൊരാളായ ഇലോൺ മസ്കിൻറെ ഉടമസ്ഥതയിലുള്ള ടെസ്‌ല വരുന്നതോടെ രാജ്യത്തെ വൈദ്യുത വാഹന വിപണിയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്.






# ടൈ കേരള ബിസിനസ് പ്ലാൻ പിച്ച് മത്സരം: ഗ്ലോബൽ പബ്ലിക് സ്കൂൾ ചാപ്റ്റർ ജേതാക്കൾ

**കൊച്ചി:** ടൈ കേരള ടൈ യങ് ഒൻട്രപ്രണേഴ്സ് ഗ്ലോബൽ സ്റ്റുഡന്റ് ബിസിനസ് പ്ലാൻ പിച്ചിങ് മത്സരത്തിൽ കൊച്ചി ഗ്ലോബൽ പബ്ലിക് സ്കൂൾ ടീമായ വിസൈൻ, കേരള ചാപ്റ്റർ ജേതാക്കളായി. ഹന്നാ വർഗീസ്, ആൻഡ്രിയ അജോഷ്, ഹനാൻ നിവിൽ അലി, പുണ്യ ശ്രീജി എന്നിവരടങ്ങുന്ന ടീമാണ് ജേതാക്കളായത്. ഹൈദരാബാദിൽ നടക്കുന്ന ആഗോള ഫൈനൽ മത്സരങ്ങളിൽ അവർ ടൈ കേരളയെ പ്രതിനിധീകരിച്ച് പങ്കെടുക്കും. മത്സരത്തിൽ ഭവൻസ് മുൻഷി വിദ്യാശ്രമത്തിലെ കൽട്ടിവാക്കോ ടീം രണ്ടാം സ്ഥാനവും ഏരൂർ ഭവൻസ് വിദ്യ മന്ദിറിലെ ടീം ഫ്ളെക്സെൻസ് മൂന്നാം സ്ഥാനവും നേടി.കഴിഞ്ഞ കുറെ വർഷങ്ങളായി സ്വകാര്യ, പൊതു വിദ്യാലയങ്ങളിൽ ടൈ കേരള ടി വൈ ഇ പ്രോഗ്രാം നടപ്പാക്കി വരുന്നു. 9 മുതൽ 12 ഗ്രേഡ് വരെയുള്ള ഹൈസ്കൂൾ വിദ്യാർഥികൾക്കായി രൂപപ്പെടുത്തിയതാണ് ടി വൈ ഇ പ്രോഗ്രാം. കുട്ടികളിൽ സംരംഭകത്വവും നേതൃനൈപുണ്യവും വളർത്താൻ ലക്ഷ്യമിട്ടാണ് ഇന്റഗ്രേറ്റഡ് ക്ലാസ്റൂം സെഷനുകൾ, മെന്ററിംഗ്, ബിസിനസ് പ്ലാൻ മത്സരം എന്നിവയടങ്ങിയ ടി വൈ ഇ പ്രോഗ്രാം നടപ്പാക്കുന്നത്. ഇത്തവണ 5000 വിദ്യാർഥികളാണ് പ്രോഗ്രാമിന്റെ ഭാഗമായത്. ഇവരിൽ നിന്നാണ് കൊച്ചിയിൽ നടന്ന ചാപ്റ്റർ ഫൈനൽ മത്സരങ്ങളിലേക്ക് 10 ടീമുകളുടെ ചുരുക്കപ്പട്ടിക തയാറാക്കിയത്. ടിവൈഇ പ്രോഗ്രാമിലൂടെ ഇത്തവണ 5000 കുട്ടികളിലേക്ക് എത്താൻ കഴിഞ്ഞത് ആവേശകരമാണെന്ന് ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ് പറഞ്ഞു.ചെറുപ്രായത്തിലുള്ള കുട്ടികൾ ബിസിനസ്സ് പ്ലാനുകളെ കുറിച്ച് സംസാരിക്കുന്നത് കാണുമ്പോൾ വളരെ ഹൃദയസ്പർശിയാണെന്നും യുവ മനസ്സുകളിൽ സംരംഭകത്വ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിന് ടൈ കേരളയെ അഭിനന്ദിക്കുന്നതായും മേക്കർ വില്ലേജ് സിഇഒ വെങ്കട്ട് രാഘവേന്ദർ പറഞ്ഞു.

# മൈവാൽ ടി എച്ച് വി സീരീസിനു ആഗോള അംഗീകാരം

**കൊച്ചി:** മെറിൽ ലൈഫ് സയൻസിന്റെ നൂതന ഉൽപ്പന്നമായ മൈവാൽ ടി എച്ച് വി സീരീസിന് പാരീസിൽ നടന്ന യൂറോ പി സി ആർ 2024ന്റെ അംഗീകാരം.

ഇൻട്രവെൻഷൻ കാർഡിയോളജി മേഖലയിൽ നിലവിലെ രീതികളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് സാധ്യതയൊരുക്കുന്ന ഏറ്റവും മികച്ച മൂന്നു ലേറ്റ് ബ്രേക്കിംഗ് ട്രയലുകളിൽ ഒന്നായി യൂറോ പി സി ആർ അംഗീകരിച്ചു. വിവിധ രാജ്യങ്ങളിലെ 31 ചികിത്സാ കേന്ദ്രങ്ങളിലെ 768 രോഗികളിലായി നടന്ന ട്രയലിൽ മൈവാൽ ട്രാൻസ് കത്തീറ്റർ ഹാർട്ട് വാൽവ് സീരീസിന്റെ സുരക്ഷയും ഫലപ്രാപ്തിയും എടുത്തു കാണിക്കപ്പെട്ടു.'മൈവാൽ ടി എച് വി സീരീസ് സമകാലിക ടി.എച്ച്.വി. സീരീസിനെപ്പോലെത്തന്നെ സുരക്ഷിതമായും കാര്യക്ഷമമായും പ്രവർത്തിച്ചുവെന്ന് ലാൻഡ്മാർക്ക് ട്രയലിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞുവെന്ന് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫസർ ആൻഡ്രിയാസ് ബൗം ബാക്ക് പറഞ്ഞു.

ദൈനംദിന ക്ലിനിക്കൽ പ്രാക്ടീസിന് വേണ്ടി നിർമ്മിച്ച, എല്ലാവർക്കും അനുയോജ്യമായ ഒരു വാൾവാണിത്. ഇന്റർമീഡിയറ്റ് വ്യാസം എന്ന പ്രത്യേക സവിശേഷത, കൂടുതൽ കൃത്യമായ സൈസിംഗിനു വഴിയൊരു ക്കുന്നു, അതാകട്ടെ മെച്ചപ്പെട്ട ദീർഘകാലാടിസ്ഥാനത്തിലുള്ള സാധ്യതയിലേക്കാണ് വഴി തുറക്കുന്നത്. ഞങ്ങളുടെ രോഗികളെ 10 വർഷത്തേക്ക് ഫോളോ അപ് ചെയ്യാനിരിക്കുന്ന തിനാൽ മൂന്നു ചികിത്സാ ഗ്രൂപ്പുകളിൽ നിന്നുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള ഫലങ്ങൾ കാണാൻ സന്തോഷമായിരിക്കുമെന്നും ആൻഡ്രിയാസ് ബൗം ബാക്ക് പറഞ്ഞു.

# കെടിഎം 2024 ൽ 71 രാജ്യങ്ങളിൽ നിന്ന് വിദേശ പ്രതിനിധികൾ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ട്രാവൽ ആൻഡ് ടൂറിസം മേളയായ കേരള ട്രാവൽ മാർട്ടിൻറെ 12ാമത് ലക്കത്തിലേക്ക് 72 വിദേശരാജ്യങ്ങളിൽ നിന്ന് ബയർ രജിസ്ട്രേഷൻ.

ഇതു വരെ ആകെ 592 വിദേശ ബയർമാരാണ് കെടിഎമ്മിന് രജിസ്റ്റർ ചെയ്തത്. 27 രാജ്യങ്ങൾ ഇക്കുറി അധികമെത്തി.രാജ്യത്തെ ടൂറിസം മേഖല അഭൂതപൂർവമായ വളർച്ച നേടുന്നതിൻറെ സൂചനയാണ് കെടിഎം 2024 ലേക്ക് വിദേശ പ്രതിനിധികളിൽ നിന്നു വരുന്ന മികച്ച പ്രതികരണമെന്ന് കെടിഎം സൊസൈറ്റി പ്രസിഡൻറ് ജോസ് പ്രദീപ് പറഞ്ഞു.

കേരള ടൂറിസം വിദേശരാജ്യങ്ങളിൽ നടത്തിയ മികച്ച വിപണന തന്ത്രത്തിൻറെ ഫലമാണിത് കാണിക്കുന്നത്.

പ്രത്യേകിച്ച് വടക്ക് പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ രജിസ്ട്രേഷൻ കേരള ടൂറിസത്തിൻറെ വളർച്ചയെ കാണിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

അൽബേനിയ, അർമേനിയ, ഓസ്ട്രിയ, അസർബൈജാൻ, ബെൽജിയം, ഭൂട്ടാൻ, ബോട്സ്വാന, ബൾഗേറിയ, ബർമ്മ, ചൈന, കൊളംബിയ, സൈപ്രസ്, ഡെൻമാർക്ക്, ഈജിപ്ത്, ഗ്രീസ്, ഹംഗറി, ഇൻഡോനേഷ്യ, അയർലാൻറ്, ജപ്പാൻ, ലാത്വിയ, മൗറീഷ്യസ്, നോർവേ, സൗദി അറേബ്യ, സ്ലോവേനിയ, ടാൻസേനിയ, തുർക്കി, വിയറ്റ്നാം എന്നീ രാജ്യങ്ങളിൽ നിന്നുള്ള 89 പ്രതിനിധികളാണ് പുതുതായി കെടിഎമ്മിന് എത്തുന്നത്.

ജൂലൈ 31 വരെ ഓൺലൈൻ ബയർ രജിസ്ട്രേഷന് അവസരം ഉള്ളതിനാൽ ഇനിയും വിദേശത്തു നിന്നും രാജ്യത്തിനകത്തു നിന്നും ബയർമാരുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകുമെന്ന് കെടിഎം സെക്രട്ടറി എസ് സ്വാമിനാഥൻ അഭിപ്രായപ്പെട്ടു. ബയർമാരുടെ പങ്കാളിത്തത്തിൽ ഇത്തവണ സർവ്വകാല റെക്കോഡ് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.52 ബയർമാരുമായി ഇക്കുറി യു കെയാണ് വിദേശ പ്രതിനിധികളിൽ ഏറ്റവുമധികം രജിസ്റ്റർ ചെയ്തത്. യുഎസ്എ (45), മലേഷ്യ(30) എന്നീ രാജ്യങ്ങളും സജീവമായി രംഗത്തുണ്ട്. 26 സംസ്ഥാനങ്ങളിൽ നിന്നായി 1533 പ്രതിനിധികളാണ് രാജ്യത്തിനകത്തു നിന്നും ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. മഹാരാഷ്ട്ര(460), ഡൽഹി(257), ഗുജറാത്ത്(217) എന്നിവയാണ് ആഭ്യന്തര പ്രതിനിധികളിൽ മുന്നിട്ടു നിൽക്കുന്നത്.

മാർട്ടിലെ സ്റ്റാളുകൾക്കായി 364 പേരാണ് ഇതുവരെ താൽപര്യപത്രം നൽകിയിരിക്കുന്നത്. എട്ട് വിഭാഗങ്ങളിലായാണ് ഇക്കുറി സ്റ്റാളുകൾ ക്രമീകരിക്കുക.സാഗര സാമുദ്രിക എന്നീ കൺവെൻഷൻ സെൻററുകളിലായി ഒരു ലക്ഷം ചതുരശ്രയടി സ്ഥലമാണ് മാർട്ടിനായി മാറ്റിവച്ചിട്ടുള്ളത്.

സെപ്തംബർ 22 മുതൽ 26 വരെ പ്രീമാർട്ട് ടൂർ നടക്കും. മാധ്യമപ്രവർത്തകർ, വ്ളോഗർമാർ, ഇൻഫ്ളുവൻസർമാർ എന്നിവർക്കാണ് പ്രീമാർട്ട് ടൂർ നടക്കുന്നത്. 30 മുതൽ ഒക്ടോബർ നാല് വരെ മാർട്ടിനെത്തുന്ന തെരഞ്ഞെടുക്കപ്പെട്ട ബയർമാരെ ഉൾപ്പെടുത്തി പോസ്റ്റ് മാർട്ട് ടൂറുകളും ഉണ്ടാകും.




# ആക്സിസ് ബാങ്ക് വിഎസ്ടി ടില്ലേഴ്സ് ട്രാക്ടേഴ്സുമായി സഹകരിക്കുന്നു

**കൊച്ചി:** കർഷകർക്ക് ട്രാക്ടറുകളും കാർഷിക ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകാനായി ആക്സിസ് ബാങ്ക് മുൻനിര കാർഷിക ഉപകരണ നിർമാതാക്കളായ വിഎസ്ടി ടില്ലേഴ്സ് ട്രാക്ടേഴ്സുമായി ധാരണാപത്രം ഒപ്പു വെച്ചു. ഈ ധാരണ പ്രകാരം വിഎസ്ടിയുടെ ഉപഭോക്താക്കൾക്ക് ആക്സിസ് ബാങ്ക് സാമ്പത്തിക സഹായം ലഭ്യമാക്കും. ബാങ്കിൻറെ രാജ്യവ്യാപകമായുള്ള 5370ൽ പരം ശാഖകളിലൂടെയാവും ഈ സഹായം ലഭ്യമാക്കുക.ആക്സിസ് ബാങ്ക് ഫാം മെക്കനൈസേഷൻ ബിസിനസ് മേധാവി രാജേഷ് ധാഗെ, വിഎസ്ടി ടില്ലേഴ്സ് ട്രാക്ടേഴ്സ് സിഇഒ ആൻറണി ചെറുകര എന്നിവരാണ് ധാരണാ പത്രം ഒപ്പുവെച്ചത്. ആക്സിസ് ബാങ്ക് റീട്ടെയിൽ അസറ്റ്സ് ഭാരത് ബാങ്കിങ് മേധാവി രാമസ്വാമി ഗോപാലകൃഷ്ണൻ, വിഎസ്ടി ടില്ലേഴ്സ് ട്രാക്ടേഴ്സ് മാനേജിങ് ഡയറക്ടർ വി ടി രവീന്ദ്ര എന്നിവർ സംബന്ധിച്ചു.

രാജ്യത്തെ ദശലക്ഷക്കണക്കിനു വരുന്ന കർഷകരുടെ ജീവിതത്തിൽ അർത്ഥവത്തായ സ്വാധീനം ചെലുത്തുന്ന വിധത്തിലാണു തങ്ങളുടെ പ്രവർത്തനങ്ങളെന്ന് ആക്സിസ് ബാങ്ക് ഭാരത് ബാങ്കിങ് മേധാവിയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മുനീഷ് ഷർദ പറഞ്ഞു.

തങ്ങളുടെ നവീനമായ കാർഷികോപരണങ്ങൾ കർഷകർക്ക് കൂടുതൽ ലഭ്യമാക്കുന്ന വിധത്തിൽ ആക്സിസ് ബാങ്കുമായി സഹകരണത്തിലേർപ്പെടുന്നതിൽ ആഹ്ലാദമുണ്ടെന്ന് വിഎസ്ടി ടില്ലേഴ്സ് ട്രാക്ടേഴ് സിഇഒ ആൻറണി ചെറുകര പറഞ്ഞു.

# രണ്ടാം വർഷവും ക്രിസിൽ എ സ്റ്റേബിൾ റേറ്റിംഗുമായി ഇൻഫോപാർക്ക്




**കൊച്ചി:** മികച്ച സാമ്പത്തിക പ്രകടനത്തിൻറെ അംഗീകാരമായി ഇൻഫോപാർക്കിന് ക്രിസിൽ റേറ്റിംഗ് ഏജൻസിയുടെ എ സ്റ്റേബിൾ റേറ്റിംഗ് ലഭിച്ചു. തുടർച്ചയായ രണ്ടാം വർഷമാണ് ഇൻഫോപാർക്കിന് ഈ റേറ്റിംഗ് ലഭിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിലുള്ള ബാങ്കിംഗ് സൗകര്യത്തിൻറെ മാനദണ്ഡമാണ് ക്രിസിൽ റേറ്റിംഗിൻറെ അടിസ്ഥാനമാക്കിയത്. സംസ്ഥാന സർക്കാരിൽ നിന്നുള്ള മികച്ച പിന്തുണയാണ് ഇൻഫോപാർക്കിന് ഈ നേട്ടം കൈവരിക്കാനുള്ള പ്രധാനകാരണമായി എടുത്തു പറയുന്നത്. മൂലധന സ്വരൂപണത്തിൽ കടബാധ്യത കുറവായതും ഗുണകരമായി. സാമ്പത്തിക പ്രതിസന്ധി സാധ്യത(ഫിനാൻഷ്യൽ റിസ്ക്) മിതമായ നിരക്കിൽ മാത്രമാണ് ഇൻഫോപാർക്കിലുള്ളതെന്ന് ക്രിസിൽ വിലയിരുത്തി. കടബാധ്യത കുറഞ്ഞു നിൽക്കുന്നതിനാൽ തന്നെ ആരോഗ്യകരമായ പലിശ, കുറഞ്ഞ സാമ്പത്തികച്ചെലവുകൾ എന്നിവയാണ് ഇൻഫോപാർക്കിനുള്ളത്.സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം ഇൻഫോപാർക്കിൻറെ സാമ്പത്തിക സ്ഥിതി മെച്ചമാക്കി നിറുത്തുന്നു.

ഭാവി വികസന പദ്ധതികളിലും സംസ്ഥാന സർക്കാരിൻറെ ധനസഹായം ഇൻഫോപാർക്ക് പ്രതീക്ഷിക്കുന്നുണ്ടെന്ന് ക്രിസിൽ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.രണ്ട് ദശകമായി തുടർന്നു വരുന്ന ഇൻഫോപാർക്കിൻറെ ശക്തമായ സാമ്പത്തിക അടിത്തറയും ദ്രുതഗതിയിലുള്ള വളർച്ചയുമാണ് ക്രിസിൽ റേറ്റിംഗ് സൂചിപ്പിക്കുന്നതെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. മികച്ച നിലവാരം പുലർത്തുന്ന ഐടി ജീവനക്കാർ പ്രാദേശികമായി തന്നെ ലഭ്യമാണെന്നത് ഇൻഫോപാർക്കിൻറെ മുതൽക്കൂട്ടാണ്. വൻകിട ഐടി കമ്പനികൾ ഉൾപ്പെടെ കേരളത്തിലെ ഐടി പാർക്കുകളെ തങ്ങളുടെ പ്രധാനകേന്ദ്രമായി തെരഞ്ഞെടുക്കുന്നതിൻറെ കാരണവും ഇതു തന്നെയാണെന്നും അദ്ദേഹം പറഞ്ഞു.ഇൻഫോപാർക്കിൻറെ ആകെയുള്ള സ്ഥലത്തിൻറെ 85 ശതമാനവും നിറഞ്ഞ് കമ്പനികൾ പ്രവർത്തിക്കുന്നത് ഗുണകരമായ സൂചനയാണ്. വാടകയിനത്തിൽ 20 ശതമാനത്തിൻറെ വർധന സ്ഥാപനത്തിൻറെ വളർച്ച ത്വരിതപ്പെടുന്നതിൻറെ സൂചനയാണ്. മൂലധന ഘടനയും പണലഭ്യതയും നിലനിറുത്തിപ്പോകുന്നതും ശുഭസൂചകമാണ്.

രാജ്യത്തെ വിവിധ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും സാമ്പത്തിക പ്രകടനവും ബാങ്കിംഗ് സാധ്യതകളും പരിശോധിക്കുന്ന റേറ്റിംഗ് ഏജൻസിയാണ് ക്രിസിൽ. 1987 ൽ സ്ഥാപിതമായ ഈ ഏജൻസിയുടെ റിപ്പോർട്ടുകൾ ബാങ്കിംഗ് ആവശ്യത്തിനും വിദേശ വായ്പയടക്കമുള്ള കാര്യങ്ങൾക്കും സഹായകരമാണ്.




# തൊഴിൽ രംഗത്ത് ധാർമ്മികത മുറുകെ പിടിക്കണം : റിട്ട ജഡ്ജി ജസ്റ്റിസ് എസ് സിരി ജഗൻ

**കൊച്ചി:** ഏത് തൊഴിൽ രംഗത്തായാലും ധാർമികത മുറുകെ പിടിച്ചു മുന്നോട്ടു പോകാനാണ് ശ്രമിക്കേണ്ടതെന്ന്കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എസ് സിരി ജഗൻ പറഞ്ഞു. ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ്ഓഫ് ഇന്ത്യ സതേൺ റീജിയൻ കോൺവൊക്കേഷൻ ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നുഅദ്ദേഹം.

ഏതു മേഖലയിലായാലും മറ്റുള്ളവരെ പരിഗണിക്കാൻ മനസ്സു കാണിച്ചാൽ ധാർമികതയാകുമെന്നും അദ്ദേഹംപറഞ്ഞു.

പ്രൊഫഷണൽ യാത്രയിൽ അടിസ്ഥാന തത്വങ്ങളും സത്യവും ധർമവും മുറുകെ പിടിക്കുന്നവർക്ക്വിജയംവരിക്കാനാവുമെന്നും പോസിറ്റീവ് ചിന്തയും കാഴ്ചപ്പാടുകളുമാണ് ലക്ഷ്യത്തിലെത്തിക്കുന്നതെന്നും പ്രാസംഗികർക്ക് പറഞ്ഞു.

ഐ സി എസ് ഐ പ്രസിഡന്റ് ബി നരസിംഹൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ധനഞ്ജയ് ശുക്ല, ഐസി എസ് ഐ സെക്രട്ടറി ആശിഷ് മോഹൻ, സെൻട്രൽ കൗൺസിൽ അംഗങ്ങളായ ദ്വാരകാനാഥ്, വെങ്കിട്ടരമണ, മോഹൻ കുമാർ, എസ് ഐ ആർ സി ചെയർമാൻ പ്രദീപ് കുൽക്കർണി എന്നിവർ സംസാരിച്ചു.

കോഴ്സ് പൂർത്തീകരിച്ച കമ്പനി സെക്രട്ടറിമാർ പ്രതിജ്ഞ ചൊല്ലി സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി.




# ഫ്ളീക്കുമായി ഫാസ്റ്റ്ട്രാക്ക്

**കൊച്ചി :** ഇന്ത്യയിലെ മുൻ നിര വാച്ച് ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് പാർട്ടി റെഡി വാച്ച് ശേഖരമായ ഫ്ളീക്ക് വിപണിയിലവതരിപ്പിച്ചു. 17 തരം വാച്ചുകളാണ് പുതിയ ശേഖരത്തിൽ ഉള്ളത്. ആകർഷകവും വ്യത്യസ്തവുമായ സവിശേഷതകളുമായാണ് വാച്ചുകൾ വിപണിയിലെത്തുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഫ്ളീക്ക് വാച്ചുകളെ അവതരിപ്പിച്ചുകൊണ്ട് മനോഹരമായ ക്യാമ്പയിൻ വീഡിയോയും ഫാസ്റ്റ്ട്രാക്ക് പുറത്തിറക്കിയിട്ടുണ്ട്.ആരെയും ആകർഷിക്കുന്ന രൂപഘടനയാണ് ഫാസ്റ്റ്ട്രാക്ക് ഫ്ലീക്കിൻറേത്. വേറിട്ട ആകൃതിയിലുള്ള കെയ്സും പുതുമയുള്ള ഡയലും സബ് ഡയലുമെല്ലാം ചേർന്ന് പ്രസരിപ്പാർന്ന രൂപകൽപ്പനയാണ് ഫ്ലീക്ക് ശേഖരത്തിലെ പുരുഷന്മാർക്കായുള്ള വാച്ചുകൾക്ക് നൽകിയിരിക്കുന്നത്.

ഡയലിലും ബ്രേസ്ലറ്റിലും സ്റ്റഡുകൾ കൊണ്ട് അലങ്കാരപ്പണി ചെയ്ത വാച്ചുകളാണ് സ്ത്രീകളുടെ സീരീസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഏത് വസ്ത്രം ധരിച്ചാലും അതിന് അനുയോജ്യമായ സ്ട്രാപ്പും നിറങ്ങളുടെ സമന്വയവുംകൊണ്ട് ആകർഷകമാണ് ഈ സീരീസിലെ വാച്ചുകൾ എല്ലാം. ഉപയോക്താക്കളുടെ ഫാഷൻ താൽപ്പര്യങ്ങളെ സഫലീകരിക്കുന്ന ഒന്നാണ് ഫാസ്റ്റ്ട്രാക്ക് ഫ്ളീക്ക്. 2795 രൂപ മുതൽ 6195 രൂപവരെയാണ് ഫാസ്റ്റ്ട്രാക്ക് ഫ്ളീക്ക് വാച്ചുകളുടെ വില.ഫാസ്റ്റ്ട്രാക്ക് ഷോറൂമുകളിൽ നിന്നോ ടൈറ്റൻ വേൾഡിൽ നിന്നോ രാജ്യമാകെയുള്ള അംഗീകൃത ഷോറൂമുകളിൽ നിന്നോ അല്ലെങ്കിൽ ०००.ളമെ്യേമരസ.ശി സന്ദർശിച്ചോ ഫാസ്റ്റ്ട്രാക്ക് ഫ്ളീക്ക് വാച്ചുകൾ വാങ്ങാവുന്നതാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

# 15 ദശലക്ഷം യൂണിറ്റ് വിൽപ്പനയുമായി റെഡ്മി 13 5ഏ

**കൊച്ചി:** സ്മാർട്ട്ഫോൺ ബ്രാൻഡായ ഷവോമി ലോകമെമ്പാടുമായി 15 ദശലക്ഷം റെഡ്മി നോട്ട് 13 സീരീസ് യൂണിറ്റുകൾ വിറ്റഴിക്കപ്പെട്ടുവെന്ന ശ്രദ്ധേയമായ നാഴികക്കല്ല് രേഖപ്പെടുത്തി. വമ്പൻ വിജയം ആഘോഷിക്കുന്ന ഷവോമിഅർജന്റീന ഫുട്ബോൾ അസോസിയേഷനുമായി സഹകരിച്ച്, സീരീസിന് വലിയ വിലക്കുറവും ഇന്ത്യ എക്സ്ക്ലൂസീവ് റെഡ്മി നോട്ട് 13 പ്രോ+ 5 ജി വേൾഡ് ചാമ്പ്യൻസ് എഡിഷനും പ്രഖ്യാപിച്ചു.



# മലിനജലം :മഞ്ഞപ്പിത്തം പടർന്നു ജാഗ്രത മുറിയിപ്പുമായി ആരോഗ്യ വകുപ്പ്

**കൊച്ചി:** എറണാകുളം ജില്ലയിൽ മഞ്ഞപ്പിത്തരോഗബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പുറത്തുനിന്നും ശീതളപാനീയങ്ങളും ഭക്ഷണവും കഴിക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യ) അറിയിച്ചു. മഞ്ഞപിത്തരോഗബാധ (ഹെപ്പറ്റൈറ്റിസ് എ) റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ മലിനമായ കുടിവെള്ളത്തിന്റെ ഉപയോഗം, പച്ചവെള്ളം കുടിക്കുന്ന ശീലം, പുറമേ നിന്നുള്ള ഭക്ഷണത്തിന്റെയും ശീതളപാനീയങ്ങളുടെയും ഉപയോഗം, ശീതളപാനീയങ്ങളിലും മറ്റും വ്യാവസായിക ആവശ്യത്തിനായി കാടിസ്ഥാനത്തിൽ ശുദ്ധമല്ലാത്ത വെള്ളത്തിൽ നിർമ്മിക്കുന്ന ഐസിന്റെ ഉപയോഗം, ശുചിത്വക്കുറവ് എന്നീ കാരണങ്ങളാണ് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്.

കല്യാണങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും തിളപ്പിക്കാത്ത വെള്ളത്തിൽ തയ്യാറാക്കുന്ന വെൽക്കം ഡ്രിങ്കുകൾ നൽകുന്നത്, ചൂട് വെള്ളത്തോടൊപ്പം പച്ച വെള്ളം ചേർത്ത് കുടിവെള്ളം നൽകുന്നത് എന്നിവ രോഗം കൂടുന്നതിന് കാരണമാകുന്നുണ്ട്. മഞ്ഞപ്പിത്തരോഗം പടർന്നു പിടിക്കാതിരിക്കാൻ വ്യക്തിശുചിത്വം, ആഹാരശുചിത്വം, കുടിവെള്ളശുചിത്വം, പരിസരശുചിത്വം എന്നിവ ഉറപ്പാക്കുവാൻ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ജില്ലയിൽ ഈ വർഷം ഇതുവരെ സംശയാസ്പദമായ 441 ഹെപ്പറ്റൈറ്റിസ് എ(മഞ്ഞപിത്തം) കേസുകളും സ്ഥിരീകരിച്ച 138 കേസുകളും ഉൾപ്പെടെ ആകെ 579 കേസുകളും സംശയാസ്പദമായ 4 മരണങ്ങളും സ്ഥിരീകരിച്ച 2 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമൂലനഗരം, മലയാറ്റൂർ, പായിപ്ര, കിഴക്കമ്പലം, മട്ടാഞ്ചേരി, നെല്ലിക്കുഴി, കോതമംഗലം, നെടുമ്പാശ്ശേരി, കളമശ്ശേരി, വേങ്ങൂർ, ആവോലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**എന്താണ്**
**മഞ്ഞപ്പിത്തം**

കരളിനെ ബാധിക്കുന്ന ഒരു വൈറസ് രോഗമാണ് മഞ്ഞപ്പിത്തം (വൈറൽ ഹെപ്പറ്റൈറ്റിസ്). മഞ്ഞപ്പിത്തം എ, ഇ വിഭാഗങ്ങൾ ആഹാരവും കുടിവെള്ളവും വഴി പകരുന്നവയാണ്. ശരീരവേദനയോടുകൂടിയ പനി, തലവേദന, ക്ഷീണം, ഓക്കാനം, ഛർദ്ദി തുടങ്ങിയവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പിന്നീട് മൂത്രത്തിലും കണ്ണിനും ശരീരത്തിലും മഞ്ഞ നിറം പ്രത്യക്ഷപ്പെടുന്നു.

ഹെപ്പറ്റൈറ്റിസ്എ, ഇ വൈറസ് ബാധ മലിനമായതോ അല്ലെങ്കിൽ വേണ്ടത്ര ശുദ്ധീകരിക്കാത്തതോ ആയ ജലം, മലിനമായ ആഹാരം, രോഗിയുമായുള്ള സമ്പർക്കം എന്നിവ വഴി വളരെ വേഗം പകരുന്നു. രോഗബാധിതനായ ഒരാൾ കുടുംബാംഗങ്ങൾക്ക് ഭക്ഷണം തയ്യാറാക്കുമ്പോഴും ആഹാരം പങ്കിട്ടു കഴിക്കുമ്പോഴും സമ്പർക്കം പുലർത്തുമ്പോഴും രോഗം മറ്റുള്ളവരിലേക്ക് പകരുന്നു. രോഗിയെ ശുശ്രൂഷിക്കുന്നവർ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകണം. മലിനമായ കൈകളിലൂടെയും മറ്റും രോഗാണുക്കൾ വെള്ളത്തിലും ഭക്ഷണത്തിലും കലരുന്നതു വഴി രോഗം പകരുന്നു. രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുന്നതിലൂടെ രോഗം മാരകമാകുന്നത് തടയാം.

**പ്രതിരോധ**
**മാർഗങ്ങൾ**

തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക. തിളപ്പിച്ചതും തിളപ്പിക്കാത്തതുമായ കുടിവെള്ളം കൂടികലർത്തി ഉപയോഗിക്കരുത്. പുറത്തുപോകുമ്പോൾ എപ്പോഴും തിളപ്പിച്ചാറിയ വെള്ളം കരുതുക.ആഹാരം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും കഴിക്കുന്നതിനും മുമ്പും ശുചിമുറി ഉപയോഗിച്ച ശേഷവും പുറത്തുപോയി വന്നതിനു ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകുക.കിണറിന് ചുറ്റുമുള്ള പരിസരങ്ങളിൽ വൃത്തിഹീനമായ രീതിയിൽ വെള്ളം കെട്ടിക്കിടക്കാതെയും കിണറിലെ വെള്ളം മലിനമാകാതെയും സൂക്ഷിക്കുക. കൃത്യമായ ഇടവേളകളിൽ ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശമനുസരിച്ച് കിണർ വെള്ളം ക്ളോറിനേറ്റ് ചെയ്യുക. മഞ്ഞപ്പിത്തബാധയുള്ള പ്രദേശങ്ങളിൽ കുടിവെള്ള സ്രോതസ്സുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യുക.

അണുവിമുക്തമായ ശുദ്ധമായ വെള്ളം മാത്രം പാകം ചെയ്യുവാനും പാത്രങ്ങൾ കഴുകുന്നതിനും ഉപയോഗിക്കുക.വൃത്തിഹീനമായ സാഹചര്യത്തിൽ പാചകം ചെയ്ത ആഹാരസാധനങ്ങളും ശീതളപാനീയങ്ങളും പഴകിയതും മലിനമായതുമായ ആഹാരവും കഴിക്കാതിരിക്കുക.പഴവർഗ്ഗങ്ങളും പച്ചക്കറികളും നല്ലവണ്ണം കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുക.ആഹാരസാധനങ്ങളും കുടിവെള്ളവും എപ്പോഴും അടച്ചു സൂക്ഷിക്കുക.തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം ചെയ്യാതിരിക്കുക.കുഞ്ഞുങ്ങളുടെ വിസർജ്ജ്യങ്ങൾ സുരക്ഷിതമായി ശൗച്യാലയത്തിലൂടെ മാത്രം നീക്കം ചെയ്യുക.വീട്ടു പരിസരത്ത് മാലിന്യം കുന്നുകൂടാതെ ശ്രദ്ധിക്കുക. ഈച്ച ശല്യം ഒഴിവാക്കുക.

രോഗബാധയുള്ള പ്രദേശങ്ങളിൽ സ്കൂളുകളിലും കോളേജുകളിലും ജോലിസ്ഥലങ്ങളിലും മറ്റും ഭക്ഷണവും കുടിവെള്ളവും പങ്കുവച്ചു കഴിക്കുന്നത് ഒഴിവാക്കുക. ഉത്സവങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ തിളപ്പിച്ചാറിയ വെള്ളം ഉപയോഗിച്ചുള്ള ഐസ് മാത്രം ശീതളപാനീയങ്ങളിൽ ഉപയോഗിക്കുക.

രോഗബാധിതർ മറ്റുള്ളവരുമായുള്ള സമ്പർക്കം ഉണ്ടാകുമ്പോഴും പൊതുഇടങ്ങൾ സന്ദർശിക്കുന്നതും രോഗവ്യാപനത്തിനു കാരണമാകാം. രോഗികൾ ഉപയോഗിക്കുന്ന പാത്രങ്ങളും ആഹാരവും മറ്റു വസ്തുക്കളും മറ്റുള്ളവരുമായി പങ്കുവയ്ക്കരുത്. ജീവിതശൈലീരോഗങ്ങളുള്ളവർ, പ്രായമായവർ, ഗർഭിണികൾ, ഗുരുതരരോഗബാധിതർ തുടങ്ങിയവരിൽ കരളിന്റെ പ്രവർത്തനം തകരാറിലായി രോഗം ഗുരുതരമാകാൻ സാധ്യതയുള്ളതിനാൽ രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ നിന്നും കൃത്യമായ ചികിത്സ കാലതാമസം കൂടാതെതന്നെ തേടുക. ഇവർ കഴിവതും പൊതുഇടങ്ങൾ സന്ദർശിക്കുന്നതും കൂടുതൽ ജനസമ്പർക്കം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. പുറത്തുപോകുന്ന സന്ദർഭങ്ങളിൽ വെള്ളവും ഭക്ഷണവും ഒപ്പം കരുതുകയും പുറത്തുനിന്നുമുള്ള ആഹാരവും ശീതളപാനീയങ്ങളും കഴിക്കുന്നത് കഴിവതും ഒഴിവാക്കുവാനും ശ്രദ്ധിക്കുക.

**പ്രതിരോധ പ്രവർത്തങ്ങൾ**
**ഊർജ്ജിതമാക്കി**

ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ജില്ലയിൽ രോഗബാധിതരുള്ള സ്ഥലങ്ങളിലെ വീടുകൾ സന്ദർശിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു. രോഗബാധിത പ്രദേശങ്ങളിൽ കിണറുകളിലും ജലസംഭരണികളിലും സൂപ്പർ ക്ലോറിനേഷൻ നടത്തി.പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോട്ടലുകളിലും ഭക്ഷണശാലകളിലും പരിശോധന നടത്തി. കേസുകൾ കൂടുതൽ കണ്ടെത്തിയ സ്ഥലങ്ങളിൽ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ഹാൻഡ് വാഷിംഗ് ഡെമോ നടത്തി. ശാസ്ത്രീയമായി എങ്ങനെ ക്ലോറിനേഷൻ നടത്താം എന്ന വിഷയത്തിൽ പമ്പ് ഓപ്പറേറ്റർമാർക്ക് പരിശീലനം നൽകി. ഔട്ട് ബ്രേക്ക് ഉണ്ടായ സ്ഥലങ്ങളിലെ മെഡിക്കൽ ഓഫീസർമാരെയും ഫീൽഡ് സ്റ്റാഫിനെയും ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പല ഘട്ടങ്ങളിലായി റിവ്യൂ മീറ്റിംഗുകൾ നടത്തി.

ഏറ്റവും കൂടുതൽ കേസുകൾ കണ്ടെത്തിയ വേങ്ങൂർ പഞ്ചായത്തിൽ പഞ്ചായത്ത്തല മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ബെന്നി ബെഹനാൻ എം.പി, എൽദോസ് കുന്നപ്പള്ളി എംഎൽഎ, എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ റിവ്യൂ മീറ്റിങ്ങുകളിൽ ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, വാർഡ് മെമ്പർമാർ, കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഏപ്രിൽ മാസത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് പ്രതിനിധി ഡോ.ബിനോയ് എസ് ബാബു സ്ഥലം സന്ദർശിച്ചിരുന്നു.

## സമുദ്ര ശുചീകരണ ഉദ്യമവുമായി ഐസിഎആർ സിഫ്റ്റ്

**കൊച്ചി:** സമുദ്ര ശുചീകരണ ഉദ്യമത്തിന്റെ ഭാഗമായി അരൂർ എഴുപുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റെ സഹകരണത്തോടെ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് അരൂരിൽ സമുദ്ര മാലിന്യ സംഭരണിയുടെ വിതരണവും ബോധവൽക്കരണ പരിപാടിയും നടത്തി. മത്സ്യബന്ധന സാമഗ്രികളുടെ അവശിഷ്ടങ്ങൾ മൂലമുണ്ടാകുന്ന ആഘാതങ്ങളെ കുറിച്ചുള്ള സിഫ്റ്റിലെ പഠനത്തിന്റെ ഭാഗമായാണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. അരൂർ പഞ്ചായത്തിലെ മൂന്ന് ലാൻഡിംഗ് സെന്ററുകളിൽ സമുദ്ര മാലിന്യ സംഭരിണികൾ സ്ഥാപിച്ചു. ഈ പഠനത്തിന് കീഴിലായി, കേരളത്തിലെ സുസ്ഥിര സമുദ്ര ആവാസവ്യവസ്ഥയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എൻജിഒയായ പ്ലാനറ്റ് എർത്തിന് ഐ സി എ ആർ സിഫ്ട് വേർതിരിച്ച കടൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറുന്നുണ്ട്. ഈ സംരംഭം ഐ സി എ ആർ സിഫ്റ്റിന്റെ സ്വച്ഛ ആക്ഷൻ പ്ലാനുമായി യോജിച്ച്, ശുദ്ധമായ സമുദ്രങ്ങളും സുസ്ഥിര മത്സ്യബന്ധന രീതികളെയും പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം കൂട്ടായ ശ്രമങ്ങളിലൂടെ മാലിന്യങ്ങൾ വീണ്ടെടുക്കുക മാത്രമല്ല, മൽസ്യമേഖലയിൽ പരിസ്ഥിതി അവബോധവും സിഫ്ട് വളർത്തുന്നു. സിഫ്റ്റിലെ ഫിഷിങ് ടെക്നോളജി വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റായ ഡോ. പി മുഹമ്മദ് അഷ്റഫ് പഠനത്തെ കുറിച്ച് വിശദീകരിച്ചു. പ്രോജക്ട് കോർഡിനേറ്റർ ഡോ. എൻ.മഞ്ജുലക്ഷ്മി പഠനത്തിന് കീഴിലുള്ള ഭാവി പ്രവർത്തന പദ്ധതികളുടെ രൂപരേഖ നൽകുകയും സമുദ്ര മാലിന്യത്തിന്റെ നിർണായക പ്രശ്നങ്ങളും അപ്സൈക്ലിംഗ് മാർഗങ്ങൾ ഉൾപ്പെടെ ഫലപ്രദമായ കാര്യങ്ങളെ കുറിച്ചും സംസാരിച്ചു. അരൂർ എഴുപുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം പ്രസിഡന്റ് ബിന്ദു രത്നാകരൻ, സഹകരണ സംഘം സെക്രട്ടറി ചന്ദ്രബോസ്, അരൂർ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ ഒ. കെ മോഹൻ, ഐ സി എ ആർ സിഫ്റ്റിലെ ശാസ്ത്രജ്ഞ ഡോ സന്ധ്യ കെ എം എന്നിവർ ചടങ്ങിൽ സംസാരിച്ചു .



**എം ജി യൂണിവേഴ്സിറ്റിയുടെ സ്പോർട്സ് മാനേജ്മെന്റ് ബിരുദ കോഴ്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അനാമിക ജോയ്. ആലുവ യു. സി കോളേജ് വിദ്യാർത്ഥിനിയായ അനാമിക, ദീപിക കൊച്ചിയൂണിറ്റിൽ സർക്കുലേഷനിൽ ജോലിചെയ്തിരുന്ന ജോയി മാടശ്ശേരിയുടെയും(ഇപ്പോൾ മെട്രോ വാർത്തയിൽ) ജെൻസിയുടെയും ഇളയ മകളാണ്. സഹോദരി അലീഷ പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിൽ സൈക്കോളജി അവസാന വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയാണ്. കരാട്ടെയിൽ ബ്ലാക്ക് ബെൽറ്റ് നേടിയിട്ടുള്ള അനാമികയ്ക്ക് യൂസി കോളേജിൽ നടന്ന ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ ഡൽഹി വേൾഡ് സ്കൂളിൽ (ഹൈദരാബാദ് ) ആയോധന കല അധ്യാപികയായി നിയമനം ലഭിച്ചിട്ടുണ്ട്**




# കൊച്ചി ലുലുവിൽ ചോക്ലേറ്റ് ഫെസ്റ്റ്

**കൊച്ചി :** ലോകോത്തര ചോക്ലേറ്റ് വിഭവങ്ങളുമായി കൊച്ചി ലുലു ഹൈപ്പർമാർക്കറ്റിൽ ചോക്ലേറ്റ് ഫെസ്റ്റിന് തുടക്കമായി.

മധുരപ്രേമികൾക്ക് ഉത്സവാന്തരീക്ഷം സമ്മാനിച്ച് നടൻ കുഞ്ചാക്കോ ബോബൻ ലോഗോ പ്രകാശനം ചെയ്ത് ഫെസ്റ്റിന് തുടക്കംകുറിച്ചു. ലോകത്തിലെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ ഏറ്റവും പുതിയ ചോക്ലേറ്റുകൾ, വാഫിൾസ്, ഡോനട്ട്സ്, കേക്കുകൾ എന്നിവ അടക്കം മുൻനിര ചോക്ലേറ്റ് ബ്രാൻഡുകളുടെ സ്വാദിഷ്ഠമായ വിഭവങ്ങളാണ് ചോക്ലേറ്റ് ഫെസ്റ്റിൽ ഏവരെയും കാത്തിരിക്കുന്നത്.

നെസ്ലേ, ഫെറേറോ റോച്ചർ, ഹെർഷീ എന്നിവരുമായി സഹകരിച്ച് ഗാലക്സിയും സ്നിക്കേഴ്സും അവതരിപ്പിക്കുന്ന ലുലു ചോക്കോ ഫെസ്റ്റിൽ പുതിയ ചോക്ലേറ്റ് ഉൽപ്പന്നങ്ങളുടെ ലോഞ്ചുകളടക്കം നിരവധി മധുര വിനോദങ്ങളും ഒരുക്കിയിട്ടുണ്ട്. മെയ് 22ന് തുടങ്ങിയ ഫെസ്റ്റ് ജൂൺ 2 വരെ നീണ്ടുനിൽക്കും. കൂടാതെ, ആകർഷകമായ ഓഫറുകളും, ലുലു ചോക്ലേറ്റ് ഫെസ്റ്റിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നു.

## ഏറ്റവും ഉയർന്ന വായ്പാ വിതരണവുമായി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് വിതരണം ചെയ്ത വായ്പകൾ 2024 സാമ്പത്തിക വർഷത്തിൽ 18.60 ശതമാനം വളർച്ചയോടെ ആകെ 61,703.26 കോടി രൂപയെന്ന എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയിലെത്തി. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 33,359.30 കോടി രൂപയിലുമെത്തി. മുൻ സാമ്പത്തിക വർഷത്തേക്കാൾ 62.12 ശതമാനം വളർച്ചയിൽ 1047.98 കോടി രൂപയുടെ അറ്റാദായത്തോടെയാണ് ഈ നില കൈവരിച്ചിട്ടുള്ളത്. രാജ്യവ്യാപകമായി 93 ലക്ഷത്തിലേറെ ഉപഭോക്താക്കൾക്കാണ് കമ്പനി സേവനം നൽകി വരുന്നത്.

PAPPACHAN muthoot FINCORP
Jab zindagi badalni ho

മുത്തൂറ്റ് ഫിൻകോർപ്പിൻറെ മാത്രമായുള്ള വായ്പാ വിതരണം 15 ശതമാനം വർധിച്ച് 50167.12 കോടി രൂപയിലെത്തി. മുൻ വർഷം ഇത് 43443.26 കോടി രൂപയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ 459.81 കോടിയേക്കാൾ അറ്റാദായം 22.40 ശതമാനം വർധിച്ച് 562.81 കോടി രൂപയിലുമെത്തിയിട്ടുണ്ട്. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ മുൻ വർഷം ഇതേകാലയളവിലെ 17615.07 കോടിയേക്കാൾ 23.26 ശതമാനം വർധിച്ച് 21712.34 കോടി രൂപയിലുമെത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിലെ 953.38 കോടിയേക്കാൾ 25.59 ശതമാനം വളർച്ചയുമായി 2024 സാമ്പത്തിക വർഷത്തിൻറെ ജനുവരിമാർച്ച് പാദത്തിൽ 1197.31 കോടി രൂപ വരുമാനം നേടി. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 14 ശതമാനം വർധനവുമായി 2024 മാർച്ച് 31 വരെ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് മൊത്തം 4298445 ഉപഭോക്താക്കൾക്ക് സേവനം നൽകി.

2025 സാമ്പത്തിക വർഷത്തിൽ തങ്ങളുടെ സേവനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിനെ കുറിച്ചും കൂടുതൽ ഉപഭോക്താക്കൾക്ക് സേവനം നൽകുന്നതിനെ കുറിച്ചും തങ്ങൾക്കു ശുഭാപ്തി വിശ്വാസമുണ്ടെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 50,000 കോടി രൂപയുടെ വായ്പാ വിതരണമെന്ന നാഴികക്കല്ലു തങ്ങൾ പിന്നിട്ടതായും റീട്ടെയിൽ സേവനദാതാവ് എന്ന നില തങ്ങൾ തുടരുമെന്നും ശാഖകളിൽ 78 ശതമാനവും മെട്രോ ഇതരമേഖലകളിലാണെന്നും മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.




# വെളിച്ചെണ്ണ - സാധ്യതകളും വെല്ലുവിളികളും: നാളികേര വികസന ബോർഡ് സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി :** വെളിച്ചെണ്ണയുടെ ഗുണമേന്മ ഉയർത്തുന്നതിനും, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളെ കുറിച്ച് വിശകലനം ചെയ്യുന്നതിനായി നാളികേര വികസന ബോർഡ് 2024 മെയ് 21-ന് കൊച്ചിയിൽ വെളിച്ചെണ്ണ മേഖലയിലെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ സംരംഭകർക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു. കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസ്സിയേഷൻ (ഇരങ്ങ്അ) പ്രസിഡന്റ് തലത്ത് മഹമൂദ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ വെളിച്ചെണ്ണ ഉൽപ്പാദനത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഊന്നിപ്പറയുകയും വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് തടയാൻ നാളികേര ബോർഡിന്റെ പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. നാളികേര മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കും സുസ്ഥിര വികസനത്തിനും നാളികേര ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധന, വിപണനം, കയറ്റുമതി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നാളികേര വികസന ബോർഡ്, മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡ ആമുഖമായി സംസാരിച്ചു.

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ഉദ്യോഗസ്ഥർ, ബ്യൂറോ സ്റ്റാൻഡേർഡ്സ്, ബ്യൂറോ വേരിറ്റാസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, റീജണൽ അനലറ്റിക്കൽ ലബോറട്ടറി, നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. എൻഐഐഎസ്ടി സീനിയർ ടെക്നിക്കൽ ഓഫീസർ, ഡോ. സോബൻ കുമാർ, ആർഎഎൽ റിസർച്ച് ഓഫീസർ തോമസ് കിരൺ എന്നിവർ ഇന്ററാക്ടീവ് സെഷനിലെ പാനലിസ്റ്റുകളായിരുന്നു. ഉൽപന്നങ്ങളുടെ പ്രചാരണത്തിനായി നാളികേര വികസന ബോർഡ് നൽകുന്ന പിന്തുണയെക്കുറിച്ച് അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ലീനമോൾ എം. എ വിശദീകരിച്ചു.

വെളിച്ചെണ്ണ നിർമ്മാതാക്കളുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യയുടെ പുരോഗതിയെ കുറിച്ചുള്ള ആശയങ്ങൾ പങ്കുവയ്ക്കാൻ ഈ സെമിനാർ വേദിയൊരുക്കി. ഉത്പാദകർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും പരിമിതികളെയും കുറിച്ചും, ഈ മേഖലയിൽ ഇതിനാവശ്യമായ പുതിയ നയങ്ങൾ രൂപീകിക്കേണ്ടതിന്റെ ആവശ്യകതയും സെമിനാറിൽ ചർച്ച ചെയ്തു.

നാളികേര വികസന ബോർഡ് ഡയറക്ടർ (മാർക്കറ്റിംഗ്) . ദീപ്തി എസ്. നായർ സ്വാഗതവും, ഡെവലപ്മെന്റ് ഓഫീസർ (മാർക്കറ്റിംഗ്) മൃദുല കെ നന്ദിയും പ്രകാശിപ്പിച്ചു.

# ഇന്ത്യയിൽ ഡിജിറ്റൽ വാണിജ്യം വർധിപ്പിക്കാൻ ഒഎൻഡിസിയും വിൻസോയും സഹകരിക്കുന്നു

**ന്യൂഡൽഹി:** ഡിജിറ്റൽ വാണിജ്യത്തിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുന്നതിനും സുതാര്യവും ന്യായമായതുമായ വിപണി പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു നീക്കത്തിൽ, ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി (ഒഎൻഡിസി) ഇന്ത്യയിലെ ഏറ്റവും വലിയ ഇന്ററാക്ടീവ് വിനോദ പ്ലാറ്റ്ഫോമായ വിൻസോ സഹകരിക്കുന്നു. ഈ സഹകരണം 175 ദശലക്ഷത്തിലധികം ഉപയോക്താക്കളുള്ള വിൻസോയുടെ വിപുലമായ ഉപയോക്തൃ അടിത്തറയെ പ്രയോജനപ്പെടുത്തും. ഒഎൻഡിസിയുമായി സഹകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സ്കിൽ ഗെയിമിംഗ് കമ്പനിയാണ് വിൻസോ.

ഒരു ബിസിനസ്സ് മോഡൽ എന്ന നിലയിൽ, വിൻസോ ഗെയിം ഡെവലപ്പർമാരെ പണമടയ്ക്കുന്ന ഉപയോക്താക്കളുമായി ബന്ധിപ്പിക്കുന്നു, പ്ലേ സ്റ്റോറുകളിലും ആപ്പ് സ്റ്റോറുകളിലും നിലവിലുള്ള പരസ്യങ്ങളും ഇൻആപ്പ് വാങ്ങലുകളും പോലുള്ള ഇതര ഉറവിടങ്ങളേക്കാൾ ഉയർന്ന വരുമാനം സൃഷ്ടിക്കുന്നു.

സഹകരണത്തിന്റെ ഭാഗമായി പലചരക്ക്, ഭക്ഷണം വിതരണം, മൊബിലിറ്റി, ഫാഷൻ, കാർഷിക ഉൽപ്പന്നങ്ങൾ, ആരോഗ്യം, ആരോഗ്യം എന്നിവയ്ക്കായുള്ള ഒരു ശ്യംഖല ഉൾക്കൊള്ളുന്ന ഒഎൻഡിസി, വിൻസോ സ്റ്റോറിൽ അതിന്റെ സേവനങ്ങൾ ലിസ്റ്റ് ചെയ്യും, ഇത് വിൻസോയുടെ വളരുന്ന 175 ദശലക്ഷം ഉപയോക്താക്കൾക്ക് ആക്സസ് നൽകുന്നു.

മറ്റ് പ്രമുഖ വിതരണ പ്ലാറ്റ്ഫോമുകളുടെ 30%വുമായി താരതമ്യം ചെയ്യുമ്പോൾ വിൻസോ സ്റ്റോർ ഒറ്റ അക്ക കമ്മീഷൻ മാത്രം ഈടാക്കുന്നു. പരമ്പരാഗത ആപ്പ് സ്റ്റോറുകളെ അപേക്ഷിച്ച് കമ്മീഷൻ നിരക്കുകൾ ഗണ്യമായി കുറയ്ക്കുന്നതിലൂടെ, മെച്ചപ്പെട്ട ലാഭവിഹിതം ആസ്വദിക്കാൻ വിൻസോ സ്റ്റോർ ഡിജിറ്റൽ ബിസിനസുകളെ പ്രാപ്തമാക്കുകയും അന്തിമ ഉപയോക്താക്കൾക്ക് മൂല്യം സൃഷ്ടിക്കുകയും ചെയ്യുന്നു. കൂടാതെ ബിസിനസ്സിന് വിപുലീകരിച്ച വിതരണ ചാനലുകളിലേക്ക് പ്രവേശനം നൽകുന്നു. ഇതിനകം, 300ലധികം ഡിജിറ്റൽ കമ്പനികൾ ഈ വിപ്ലവ പ്ലാറ്റ്ഫോമിലൂടെ അഭൂതപൂർവമായ വരുമാന വളർച്ച അനുഭവിച്ചിട്ടുണ്ട്.

മൾട്ടിനാഷണൽ ഗെയിമിംഗ് സ്റ്റുഡിയോകൾക്ക് അതിന്റെ വിൻസോ സ്റ്റോർ വഴി ഇൻആപ്പ് ഗെയിമിംഗ് അസറ്റുകൾ ലിസ്റ്റു ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള കൂടുതൽ വിശ്വസനീയവും സുതാര്യവുമായ ബദലായി വിൻസോ ഉയർന്നുവന്നിട്ടുണ്ട്, അതുവഴി ഡവലപ്പർമാർക്കും ഉപയോക്താക്കൾക്കും മൂല്യനിർമ്മാണം സുഗമമാക്കുന്നു.

വിൻസോ സ്റ്റോറുമായി സംയോജിപ്പിക്കുന്നത് ബിസിനസുകളെ ശാക്തീകരിക്കുന്നതിനും ഇന്ത്യയുടെ ഡിജിറ്റൽ ലാൻഡ്സ്കേപ്പിനുള്ളിൽ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒഎൻഡിസിയുടെ ദൗത്യവുമായി തികച്ചും യോജിക്കുന്നു.

# ബ്രാവിയ 2 സീരീസ് അവതരിപ്പിച്ച് സോണി



**കൊച്ചി:** സോണി ഇന്ത്യ ഏറ്റവും പുതിയ ബ്രാവിയ 2 സീരീസ് അവതരിപ്പിച്ചു.ഗൂഗിൾ ടിവിയുമായി സംയോജിപ്പിച്ച് എത്തുന്ന ബ്രാവിയ 2 സീരീസിൽ, 4കെ അൾട്രാ എച്ച്ഡി എൽഇഡി ഡിസ്പ്ലേയുമുണ്ട്. ഗൂഗിൾ ടിവിയുമായി സംയോജിപ്പിച്ചതിനാൽ ഉപയോക്താക്കൾക്ക് മുൻഗണനകൾക്കനുസൃതമായി വിവിധ ആപ്ലിക്കേഷനുകൾ, സ്ട്രീമിങ് സേവനങ്ങൾ തത്സമയ ടിവി ചാനലുകൾ എന്നിവ അനായാസം ആക്സസ് ചെയ്യാൻ കഴിയും. സമാനതകളില്ലാത്ത ഗെയിമിങ് അനുഭവം നൽകുന്ന എസ്25, ഗെയിമിങിനപ്പുറം മറ്റു മികച്ച ഫീച്ചറുകൾക്ക് മുൻഗണന നൽകുന്ന എസ്20 എന്നിങ്ങനെ രണ്ട് വ്യത്യസ്ത പതിപ്പുകളാണ് ബ്രാവിയ 2 സീരീസ് വാഗ്ദാനം ചെയ്യുന്നത്.108 സെ.മീ (43), 126 സെ.മീ (50), 139 സെ.മീ (55), 164 സെ.മീ (65) സ്ക്രീൻ സൈസുകളിൽ ബ്രാവിയ 2 സീരീസ് ലഭിക്കും. എക്സ് വൺ പിക്ചർ പ്രോസസർ, ലൈവ് കളർ ടെക്നോളജി, 4കെ റിയാലിറ്റി പ്രോ, ഡോൾബി ഓഡിയോയോക്കൊപ്പം 20 വാട്ട് ശബ്ദം പ്രദാനം ചെയ്യുന്ന ഓപ്പൺ ബാഫിൾ ഡൗൺ ഫയറിങ് ടിൻ സ്പീക്കർ, എക്സ്പ്രൊട്ടക്ഷൻ പ്രോ എന്നിവയാണ് മറ്റു സവിശേഷതകൾ .ബ്രാവിയ 2 സീരീസിലൂടെ 10,000ലേറെ ആപ്പുകൾ അനായാസം ഡൗൺലോഡ് ചെയ്യാനും, 700,000ലേറെ സിനിമകളും ടിവി എപ്പിസോഡുകളും ലൈവ് ടിവിയും കാണാനും സാധിക്കും. കെഡി 65എസ്25 മോഡലിന് 95,990 രൂപയും, കെഡി55എസ്25 74,990 രൂപയുമാണ് വില. ഇരുമോഡലുകളും ഈ മാസം 24 മുതൽ വിൽപനക്ക് ലഭ്യമാവും. കെഡി50എസ്20, കെഡി43എസ്20 മോഡലുകളുടെ വിലയും വിൽപന തീയതിയും പിന്നീട് പ്രഖ്യാപിക്കും.ഇന്ത്യയിലെ എല്ലാ സോണി സെൻററുകളിലും, പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും, ഇകൊമേഴ്സ് പോർട്ടലുകളിലും പുതിയ മോഡലുകൾ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു

# ഫ്രം എർത്ത് ടു സ്കൈ ക്യാംപയിനുമായി ഫാബ് ഇന്ത്യ



**കൊച്ചി:** പുത്തൻ ഫാഷൻ തരംഗങ്ങൾക്കൊപ്പം കാലാതീതമായ പരമ്പരാഗത ഫാഷൻ രീതികളും അതിമനോഹരമായി സംയോജിപ്പിക്കുകയാണ് ഫാബ് ഇന്ത്യയുടെ പുതിയ ക്യാംപയിൻ. വേനൽക്കാലത്ത് ഏറ്റവും സൗകര്യപ്രദമായ വസ്ത്രങ്ങളാണ് ഫാബ് ഇന്ത്യ ഇവിടെ ഉപഭോക്താക്കൾക്കായി അണിനിരത്തുന്നത്.വെസ്റ്റേൺ വെയറുകളുടെ വർധിച്ചുവരുന്ന ജനപ്രീതിക്കൊപ്പം പ്രകൃതിയിൽ നിന്നും പ്രചോദനമുൾക്കൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ പുത്തൻ ഡിസൈനുകൾ സമകാലിക വെസ്റ്റേൺ വെയർ രൂപകൽപ്പനയിലേക്ക് അതിമനോഹരമായി സംയോജിപ്പിക്കുകയാണ് ഫാബ് ഇന്ത്യ.സ്ത്രീകൾക്കായുള്ള വിപുലമായ വസ്ത്രശേഖരവും, ഷർട്ടുകളിലെയും ടോപ്പുകളിലെയും പ്രിന്റുകളും എംബ്രോയ്ഡറികളും വിദഗ്ധരായ കലാകാരന്മാരുടെ കൈയ്യൊപ്പ് പതിഞ്ഞവയും അവരുടെ കലാവൈദഗ്ധ്യത്തിന്റെയും അധ്വാനത്തിന്റെയും കഥ പറയുകയും ചെയ്യുന്നവയാണ്. പുരുഷന്മാർക്ക് അവരുടെ വേനൽക്കാല ഷർട്ടുകൾക്കുള്ള തുണിത്തരങ്ങൾ, പ്രിന്റുകൾ, നിറങ്ങൾ എന്നിവയ്ക്കായി എണ്ണമറ്റ ഓപ്ഷനുകളും ഫാബ് ഇന്ത്യ വാഗ്ദാനം ചെയ്യുന്നു.

# അപ്സ്റ്റോക്സ് ഇൻഷുറൻസ് വിതരണ രംഗത്തേക്ക്

**കൊച്ചി:**രാജ്യത്തെ പ്രമുഖ വെൽത്ത് മാനേജ്മെൻറ് പ്ലാറ്റ്ഫോമുകളിലൊന്നായ അപ്സ്റ്റോക്സ് ഇൻഷുറൻസ് വിതരണ രംഗത്തേക്കു കടക്കുന്നു. ടേം ലൈഫ് ഇൻഷുറൻസുമായി തുടക്കം കുറിക്കുന്ന സ്ഥാപനം തുടർന്ന് ആരോഗ്യ, വാഹന, ട്രാവൽ ഇൻഷുറൻസ് മേഖലകളിലേക്കും കടക്കും. എച്ച്ഡിഎഫ്സി ലൈഫാണ് അപ്സ്റ്റോക്സുമായി ആദ്യം പങ്കാളിത്തത്തിലെത്തുന്ന ഇൻഷുറൻസ് സ്ഥാപനം. ഓഹരി, എഫ്&ഒ, മ്യൂച്വൽ ഫണ്ടുകൾ തുടങ്ങിയ മേഖലകളിൽ അപ്സ്റ്റോക്സ് ഇതിനകം തന്നെ ഉപഭോക്താക്കളുടെ അംഗീകാരം നേടിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് സുതാര്യവും, ആവശ്യാനുസരണവും, ലളിതവുമായ അനുഭവങ്ങൾ ലഭ്യമാക്കി ഇന്ത്യയിലെ ഇൻഷുറൻസ് മേഖലയെ മാറ്റിമറിക്കാനാണ് കമ്പനി ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾ ഇൻഷുറൻസ് രംഗത്തു നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അറിയാമെന്നും തങ്ങളുടെ ഉപഭോക്താക്കളെ സഹായിക്കാൻ പ്രതിബദ്ധരാണെന്നും ഇതേക്കുറിച്ചു സംസാരിക്കവെ അപ്സ്റ്റോക്സ് സഹസ്ഥാപക കവിത സുബ്രഹ്മണ്യൻ പറഞ്ഞു.തങ്ങളുടെ ഇൻഷുറൻസ് പരിഹാരങ്ങൾ അപ്സ്റ്റോക്സിൻറെ മുഴുവൻ ഉപഭോക്തൃ അടിത്തറയിലേക്കും വ്യാപിപ്പിക്കുന്നതിനും ഈ പങ്കാളിത്തത്തിലൂടെ തങ്ങളുടെ വിതരണ, ഡിജിറ്റൽ കഴിവുകളും പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്നുവെന്ന് എച്ച്ഡിഎഫ്സി ലൈഫ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ സുരേഷ് ബദാമി പറഞ്ഞു.

# കാഴ്ചപരിമിതരുടെ ഓൾ കേരള ക്രക്കറ്റ് ടൂർണമെന്റ്



**കൊച്ചി :** കാഴ്ച പരിമിതരുടെ 11ാം എഡിഷൻ ഓൾ കേരള ക്രക്കറ്റ് ടൂർണമെന്റ് 21 മുതൽ 23 വരെ തൃപ്പൂണിത്തുറ പാലസ് ഓവൽ ക്രിക്കറ്റ് ഗ്രൗണ്ടിൽ. 6 ടീമുകളടങ്ങുന്ന രണ്ടു ഗ്രൂപ്പുകളിലായാണ് നൈറ്റ് ടൂർണമെന്റ് നടക്കുന്നത്.
ആദ്യ മത്സരത്തിൽ സിഎബികെ സ്ട്രൈക്കേഴ്സ് സിഎബികെ വൈറ്റ്കിംഗ്സിനെ നേരിട്ടു.വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ വൈസ് പ്രസിഡന്റ് രജനീഷ് ഹെന്റി ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. സിഎബികെ പ്രസിഡന്റ് ജിനീഷ് പി, വൈസ് പ്രസിഡന്റ് എബ്രഹാം ജോർജ്ജ്, ജനറൽ സെക്രട്ടറി അനിൽകുമാർ കെ ആർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.
സമാപന ചടങ്ങിൽ മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം ശ്രീശാന്ത് പങ്കെടുക്കും.

